## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസന പദ്ധതി - ഉടുമ്പൻചോല നിയോജകമണ്ഡലം - മുല്ലക്കാനം - ചാലിപ്പടി ശ്രീനാരായണപുരം റോഡ് പ്രവൃത്തിയ്ക്ക് പകരം തേക്കിൻകാനം-തലക്കുളം റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് ഭേദഗതി ചെയ്ത് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.1358/2015/തസ്വഭവ　　തിരുവനന്തപുരം, തീയതി : 06.05.2015.**

---

പരാമർശം : (1) സ.ഉ(സാധാ)നം.23/2015/തസ്വഭവ തീയതി : 06.01.2015.
(2) ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജകമണ്ഡലം എം.എൽ.എയുടെ 03.03.2015-ലെ കത്ത്

### ഉത്തരവ്

രാജാക്കാട് ഗ്രാമപഞ്ചായത്തിലെ മുല്ലക്കാനം-ചാലിപ്പടി- ശ്രീനാരായണപുരം റോഡ് പ്രവൃത്തിയ്ക്ക് ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജകമണ്ഡലം എം.എൽ.എയുടെ 2014-15 ആസ്തി വികസന പദ്ധതി പ്രകാരം 40 ലക്ഷം രൂപ അടങ്കലിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡിന് മറ്റു ഫണ്ടുകൾ ലഭ്യമായതിനാൽ ടി പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം രാജാക്കാട് ഗ്രാമപഞ്ചായത്തിലെ തേക്കിൻകാനം - തലക്കുളം റോഡ് പ്രവൃത്തിയ്ക്ക് 40 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാജാക്കാട് ഗ്രാമപഞ്ചായത്തിലെ മുല്ലക്കാനം-ചാലിപ്പടി -ശ്രീനാരായണപുരം റോഡ് പ്രവൃത്തിയ്ക്ക് ശ്രീ.കെ.കെ.ജയചന്ദ്രൻ, ഉടുമ്പൻചോല നിയോജകമണ്ഡലം എം.എൽ.എയുടെ 2014-15 ആസ്തി വികസന പദ്ധതി പ്രകാരം 40 ലക്ഷം രൂപ അടങ്കലിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയത് റദ്ദ് ചെയ്തും പകരം രാജാക്കാട് ഗ്രാമപഞ്ചായത്തിലെ

തേക്കിൻകാനം - തലക്കുളം റോഡ് പ്രവൃത്തിയ്ക്ക് 40 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് നിലനിർത്തുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.കെ.ജയചന്ദ്രൻ,എം.എൽ.എ,(ഉടുമ്പൻചോല)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി ഡിവിഷൻ, ഇടുക്കി.
സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ നോഡൽസെന്റർ(ബി) വകുപ്പ് (നം.20948/NC-B2/2015/Fin)
എക്സിക്യൂട്ടീവ് ചെയർമാൻ&ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ